(ബി) പോലീസ് സേനയിലുള്ളവരെ കൂടുതൽ കർത്തവ്യനിരതരാക്കുവാൻ എന്തെല്ലാം നടപടികളെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ജി.ഒ.(എം.എസ്.)നം. 438/02/(126) ഫിൻ തീയതി 3-7-2002 അനുസരിച്ച് യൂണിഫോം അലവൻസ് താഴെപ്പറയുംവിധം വർദ്ധിപ്പിച്ചിട്ടുണ്ട്.

റാങ്ക്	നിലവിലുള്ളത്	പുതുക്കിയത്
എസ്.പി. (നോൺ ഐ.പി.എസ്)	1125	1400
ഡിവൈ.എസ്.പി.	975	1300
സി.ഐ.	900	1200
എ.എസ്.ഐ./എസ്.ഐ.	825	1100
പി.സി./എച്ച്.സി.	750	1000

ജി.ഒ.(പി.)264/03/ഫിൻ. തീയതി 13-5-2003 പ്രകാരം സ്പെഷ്യൽ അലവൻസ് താഴെ പറയുംപ്രകാരം വർദ്ധിപ്പിച്ചിട്ടുണ്ട്.

റാങ്ക്	നിലവിലുള്ളത്	പുതുക്കിയത്
പി.സി.	60	120
എച്ച്.സി.	65	120
എ.എസ്.ഐ.	75	150
എസ്.ഐ.	90	150
സി.ഐ.	100	175
ഡിവൈ.എസ്.പി.	110	175

കൂടാതെ ക്യാമ്പ് ഫോളോവർ മുതൽ എസ്.ഐ.വരെയുള്ളവർക്ക് റേഷൻ മണി 75 രൂപയിൽ നിന്നും 150 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

(ബി) പോലീസ് സേനയിലുള്ളവരെ കൂടുതൽ കർത്തവ്യനിരതരാക്കുവാൻ റിഫ്രഷർ കോഴ്സുകളും ട്രെയിനിംഗുകളും നൽകിവരുന്നു.

മുത്തങ്ങയിലുണ്ടായ സംഭവം സംബന്ധിച്ച അന്വേഷണ വിവരങ്ങൾ

58 (1526) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുത്തങ്ങയിലുണ്ടായ സംഭവത്തെ സംബന്ധിച്ച് നടന്ന അന്വേഷണങ്ങളുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ സംഭവത്തിൽ സി.ബി.ഐ. അന്വേഷണം ആരംഭിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ അത് സംബന്ധിച്ച് സർക്കാരിന് ലഭ്യമായ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഇത് സംബന്ധിച്ച് രജിസ്റ്റർ ചെയ്ത കേസ്സുകൾ കോഴിക്കോട് സി.ബി.സി.ഐ.ഡി.എസ്. ഐ.ജി.3 അന്വേഷിച്ചുവരികയായിരുന്നു. ഈ കേസ്സുകൾ അന്വേഷണത്തിനായി സി.ബി.ഐ.യ്ക്ക് കൈമാറിയിട്ടുണ്ട്.

(ബി) അന്വേഷണം നടത്തിവരുന്നു.

(സി) സി.ബി.ഐ.യെ അന്വേഷണ ചുമതല ഏൽപ്പിച്ചുകഴിഞ്ഞുവെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ അറിയിപ്പ് കിട്ടിയിട്ടുണ്ട്.

മുത്തങ്ങയിൽ നടന്ന വെടിവയ്പ്

59 (1527) ശ്രീ. എ. കെ. ബാലൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. പി. സി. ജോർജ് :
ശ്രീ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുത്തങ്ങയിൽ 2003 ഫെബ്രുവരി 19-ന് നടന്ന പോലീസ് വെടിവയ്പിനിടയായ സാഹചര്യം എന്തായിരുന്നു ;.

(ബി) പ്രസ്തുത പോലീസ് വെടിവയ്പിൽ എത്ര പേർ മരണമടഞ്ഞു ;

(സി) ഇതുസംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ ;

(ഡി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ഇ) മുത്തങ്ങ സംഭവം സി.ബി.ഐ. അന്വേഷണം നടത്തണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഏതെല്ലാം കാര്യങ്ങൾ അന്വേഷിക്കാനാണ് സി.ബി.ഐ.യോട് ആവശ്യപ്പെട്ടിട്ടുള്ളത് ;

(എഫ്) ഇതുസംബന്ധിച്ച് ഗവൺമെന്റ് സ്വീകരിച്ച നടപടിക്രമങ്ങൾ എന്തെല്ലാം ;

(ജി) മുത്തങ്ങ സംഭവത്തിൽ ക്രൈംബ്രാഞ്ച് രജിസ്റ്റർ ചെയ്തിട്ടുള്ള കൊലക്കേസ്, വധശ്രമക്കേസ് തുടങ്ങിയ വിവിധ കേസ്സുകൾ സി.ബി.ഐ.യ്ക്ക് സർക്കാർ കൈമാറിയിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള കാരണം വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly